**വിക്ടേർസ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും**

**13-10 -2020**

**കേരള പാഠാവലി - X**

**യൂണിറ്റ് - 02**

■'അനുഭൂതികൾ ആവിഷ്കാരങ്ങൾ'

വിശ്വരൂപം - 01

▶ ഒന്നാം യൂണിറ്റിലെ പാഠ ഭാഗങ്ങൾ ഓർമ്മപ്പെടുത്തി.

▶ 'അനുഭൂതികൾ ആവിഷ്കാരങ്ങൾ' എന്ന യൂണിറ്റ് തലവാചകം പരിചയപ്പെടുത്തുകയും വിശദീകരിക്കുകയും ചെയ്തു.

■ ഹൃദയ സ്പർശിയായ അനുഭവങ്ങളാണ് അനുഭൂതികളായി മാറുന്നത്.
■ ഈ അനുഭൂതികൾ ഭിന്ന മാർഗങ്ങളിലൂടെ ആവിഷ്കരിക്കപ്പെടുന്നു.
■സാഹിത്യാവിഷ്കാരങ്ങൾക്ക് കാരണമായി എഴുത്തുക്കരന്റെ അനുഭൂതികൾ വർത്തിക്കുന്നു.
■ നിന്റെ ഓർമ്മയ്ക്ക് - എം. ടി. വാസുദേവൻ നായർ
ഒരു മനുഷ്യൻ - വൈക്കം മുഹമ്മദ് ബഷീർ
ഹരിത മോഹനം - സുസ്മേഷ് ചന്ത്രോത്ത്
തുടങ്ങിയ രചനകൾ  ഉദാഹരണങ്ങളായി ചൂണ്ടിക്കാട്ടി.

▶ തിരുവള്ളുവർ എന്ന കവിയേയും  തിരുക്കുറൽ എന്ന കൃതിയെയും പരിചയപ്പെടുത്തിക്കൊണ്ട് , യൂണിറ്റ് പ്രവേശകമായി നൽകിയ  കാവ്യശകലത്തിന്റെ വിശദീകണത്തിലേക്ക് കടന്നു.

❁ അൻപുതരുമന്യരൊടു
ബന്ധമാബന്ധങ്ങൾ
നൺപെന്ന മഹിത സൗഭാഗ്യം.

■ദയ തരുന്ന ആളുകളുമായുള്ള സൗഹൃദമാണ് ലോകത്തിലെ ഏറ്റവും വലിയ സൗഭാഗ്യം .
■ പരസ്പരം സ്നേഹവും കരുണയും പ്രകടമാക്കുന്ന സൗഹൃദങ്ങളാണ് ജീവിതത്തെ മുന്നോട്ട് നയിക്കുന്നത്.

▶ യൂണിറ്റിലെ പാഠഭാഗങ്ങൾ പരിചയപ്പെടുത്തി.

■ വിശ്വരൂപം - ലളിതാംബിക അന്തർജനം.
■ പ്രിയദർശനം - കുമാരനാശാൻ.

■ കടൽത്തീരത്ത് - ഒ വി വിജയൻ.

▶ വിശ്വരൂപം എന്ന കഥയിലെ കഥാപാത്രങ്ങളെയും അവരുടെ ബന്ധങ്ങളെയും വിശദമാക്കി കൊണ്ട് യൂണിറ്റിന്റെ പൊതു ആശയത്തോട് കഥ എങ്ങനെ ചേർന്നു നിൽക്കുന്നു എന്ന് വ്യക്തമാക്കി.

■ സുധീർ
■ മിസ്സിസ് തലത്ത്
■ മിസ്റ്റർ തലത്ത്

യജമാനത്തി , ഭർത്താവിന്റെ കീഴുദ്യോഗസ്ഥൻ എന്നീ നിലകളിൽ നിന്നും മാറി മിസ്സിസ് തലത്തും സുധീറും തമ്മിലുള്ള സുഹൃദ് സമാനമാനവും ഊഷ്മളവുമായ ബന്ധത്തിലേക്ക് കഥ വളരുന്നുണ്ട്.

▶ അഗ്നിസാക്ഷി (ആദ്യമായി വലയാർ അവാർഡ് ലഭിച്ച കൃതി) എന്ന നോവലിനെ പരിചയപ്പെടുത്തിക്കൊണ്ട്
ലളിതാംബിക അന്തർജനം എന്ന എഴുത്തുകാരിയെ കുറിച്ച് സാമാന്യമായ വിവരങ്ങൾ നൽകി.
■ അനുബന്ധമായി, വർജീനിയ വൂൾഫിന്റെ
A room of one's own എന്ന കൃതി പരാമർശിച്ചു.

▶ ലളിതാംബിക അന്തർജനത്തിന്റെ കൃതികളിലൂടെ ചെറിയൊരു യാത്ര നടത്തി.
■ ആത്മകഥയ്ക്കൊരാമുഖം
■ അഗ്നിസാക്ഷി
■ മനുഷ്യ പുത്രി
■ മുലപ്പാലിന്റെ മണം

▶ 'വിശ്വരൂപം' എന്ന , കഥയുടെ തല വാചകം വിശദമാക്കി

■ സ്ത്രീത്വത്തിന്റെ ശരിയായ രൂപം എന്ന അർത്ഥത്തിലാണ് വിശ്വരൂപം എന്ന പ്രയോഗം ഉപയോഗിച്ചിരിക്കുന്നത്.
■ മിസ്റ്റിസ് തലത്ത് എന്ന പരിഷ്കാരിയായ ലേഡിയിൽ നിന്നും താഴത്തു കുഞ്ഞിക്കുട്ടിയമ്മ എന്ന അമ്മ ഭാവത്തിലേക്കുള്ള കേന്ദ്ര കഥാപാത്രത്തിന്റെ രൂപാന്തരത്തെ കഥയുടെ തലവാചകം ഉൾക്കൊള്ളുന്നുണ്ട്.

▶ മിസ്സിസ് തലത്ത് എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുകയും കഥയുടെ സംക്ഷിപ്ത രൂപം അവതരിപ്പിക്കുകയും ചെയ്തു.

■സ്വന്തം മക്കളെയും അച്ഛനമ്മമാരെയും സ്നേഹിക്കാനും ലാളിക്കാനും സംരക്ഷിക്കാനും സമയം കണ്ടെത്താതെ ; വിദേശത്ത്, അലങ്കാരങ്ങളുടെ അന്തസ്സിലും സൽക്കാരത്തിന്റെ ഔചിത്യത്തിലും സംഭാഷണ രസികതയിലും ചടുലമായ അംഗ വിക്ഷേപങ്ങളിലും അടയാളപ്പെട്ട് ഭാരത സ്ത്രീത്വത്തിന്റെ അംബാസിഡർ എന്ന പോലെ ശോഭിച്ച മിസിസ്സ് തലത്തിന്റെ പൂർവ്വ ചരിത്രം.

■ കുട്ടികളെ ബോഡിങ്ങിലയക്കരുത്, അവർക്ക് ആയയെ വെക്കരുത് , അമ്മ തന്നെ വളർത്തണം , ശാസിക്കുകയും ലാളിക്കുകയും കൂട്ടുകൂടുകയും വേണം, എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഭാഗവുമായിത്തീരുകയുള്ളൂ - എന്ന് സുധീറിനെ ഉപദേശിക്കതക്ക തരത്തിലേക്ക് മിസ്സിസ് തലത്തിന്റെ മനോഭാവത്തിൽ മാറ്റങ്ങളുണ്ടാകുന്നു.
മാഢത്തിൽ നിന്നും അമ്മയിലേക്കുള്ള ഈ മാറ്റമാണ് കഥയിൽ വെളിപ്പെടുന്ന 'വിശ്വരൂപം'.

**തുടർ പ്രവർത്തനങ്ങൾ :**

1. പ്രവേശകമായി നൽകിയ, 'തിരുക്കുറലിലെ' വരികളുടെ സമകാലിക പ്രസക്തി വിശദമാക്കി കുറിപ്പ് തയ്യാറാക്കുക .

2. ലളിതാംബിക അന്തർജനത്തിന്റെ സാഹിത്യ ലോകത്തെ കുറിച്ച് കുറിപ്പ് തയ്യാക്കുകയും ഒരു ലഘു ജീവചരിത്രം തയ്യാറാക്കുകയും ചെയ്യുക.

3. 'വിശ്വരൂപം' എന്ന കഥ പൂർണ്ണമായും വായിക്കുക.